# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

നമ്പർ G4-3786/2020

തീയതി - 19/03/2020

## സർക്കുലർ നമ്പർ : 27/2019-20

വിഷയം:- കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് സ്കാറ്റേർഡ് വിഭാഗം തൊഴിലാളികളുടെ പെൻഷൻ പ്രായം തെളിയിക്കുന്നതിനായി നൽകാവുന്ന രേഖകൾ-സ്പഷ്ടീകരണം സംബന്ധിച്ച്.

സൂചന:-
1. ചീഫ് എക്സിക്യൂട്ടീവിന്റെ 13/08/2018ലെ 23/2018-19 നമ്പർ സർക്കുലർ
2. ധനകാര്യ വകുപ്പിന്റെ 13/02/2020ലെ 10/2020/ധന നമ്പർ സർക്കുലർ.
3. 20/02/2018 തീയതിയിലെ യു.ഐ.എ.ഐ യുടെ ഓഫീസ് മെമ്മോറാണ്ടം നമ്പർ.4(4)/57/186/2016/ E&U-pt II

സൂചന(1) സർക്കുലർ പ്രകാരം പുതിയതായി സാമൂഹ്യ സുരക്ഷാ പെൻഷന് അപേക്ഷിക്കുന്ന ഒരു വ്യക്തി തന്റെ വയസ്സ് തെളിയിക്കുന്നതിന് മറ്റ് രേഖകൾ ഇല്ലായെന്ന് കാണിച്ച് ഡോക്ടറുടെ സർട്ടിഫിക്കറ്റ് നൽകുന്ന രീതി നിർത്തലാക്കിക്കൊണ്ടും സ്കൂൾ സർട്ടിഫിക്കറ്റ് അടക്കമുള്ള രേഖകളുടെ അഭാവത്തിൽ വയസ്സു തെളിയിക്കുന്നതിന് ആധാർ ഉപയോഗിക്കാവുന്നതാണെന്നും ഉത്തരവായിരുന്നത് വയസ്സ് തെളിയിക്കുന്നതിനുള്ള രേഖയായി ആധാർ ഉപയോഗിക്കാൻ പാടില്ലായെന്ന് സൂചന(3) പ്രകാരം യു.ഐ.എ.ഐ നിർദ്ദേശം നൽകിയതിനെ തുടർന്ന് സൂചന(1) സർക്കുലർ ഭേഗഗതി ചെയ്ത് ഉത്തരവാകുന്നു.

ആധാർ വയസ്സ് തെളിയിക്കുന്ന രേഖയാക്കി ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ റേഷൻ കാർഡ്, ഡ്രൈവിങ്ങ് ലൈസൻസ്, പാസ്സ്പോർട്ട്, സ്കൂൾ സർട്ടിഫിക്കറ്റ് എന്നീ ആധികാരിക രേഖകൾ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിയ്ക്കുന്നതിന് പ്രായം തെളിയിക്കുന്നതിനുള്ള രേഖയായി ഉപയോഗിക്കാവുന്നതാണെന്നും മേൽ രേഖകളുടെ അഭാവത്തിൽ മാത്രം അപേക്ഷകന്റെ വയസ്സ് തെളിയിക്കുന്നതിന് മറ്റ് രേഖകളൊന്നും ഇല്ലായെന്ന സ്വയം സാക്ഷ്യ പത്രത്തിനുമേൽ ഡോക്ടറുടെ സർട്ടിഫിക്കറ്റ് , സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിയ്ക്കുന്നതിന് പ്രായം തെളിയിക്കുന്ന രേഖയായി ഉപയോഗിക്കാവുന്നതാണെന്ന് സൂചന(2) പ്രകാരം സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭിച്ചതിന്റെ

അടിസ്ഥാനത്തിൽ സൂചന(1) സർക്കുലർ ഭേദഗതി വരുത്തിയിരിക്കുന്നു. ഈ വ്യവസ്ഥ ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തിയാൽ അത്തരക്കാർ കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതോടൊപ്പം തുടർന്ന് അവർക്ക് സർക്കാരിൽ നിന്നും സാമൂഹ്യ സുരക്ഷാ പെൻഷൻ ഉൾപ്പെടെ യാതൊരുവിധ ധനസഹായങ്ങൾക്കും അർഹത ഉണ്ടാകില്ലായെന്നും ഇതിനാൽ ഉത്തരവാകുന്നു.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് (I/c)

സ്വീകർത്താവ്,

1. എല്ലാ ജില്ലാ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർക്ക്,
2. കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാൻ.

പകർപ്പ്:

1. ഫിനാൻസ് ഓഫീസർ / സെക്രട്ടറി
2. അക്കൗണ്ട്സ് ഓഫീസർമാർക്കും/ ജൂനിയർ സൂപ്രണ്ട്മാർക്കും
3. സ്റ്റോക്ക് ഫയൽ.

//ഉത്തരവിൻ പ്രകാരം//

ജൂനിയർ സൂപ്രണ്ട്